പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4130 27/06/2012 ൽ മറുപടിക്ക്

തിരുവനന്തപുരം ആർട്ട് മ്യൂസിയത്തിലെ
പ്രദർശന രീതി നവീകരണം

ചോദ്യം ഉത്തരം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജന
കാര്യവും കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡൽഹിയിലെ ആർട്ട് മ്യൂസിയത്തിന്റെ മാതൃകയിൽ തിരുവനന്തപുരം ആർട്ട് മ്യൂസിയത്തിലെ പ്രദർശനരീതി നവീകരിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | (എ) | ഡൽഹിയിലെ ആർട്ട് മ്യൂസിയത്തിന്റെ മാതൃകയിൽ തിരുവനന്തപുരം ആർട്ട് മ്യൂസിയത്തിലെ പ്രദർശനരീതി നവീകരിക്കുന്നതിനുള്ള പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 2,00,03,580/-(രണ്ടു കോടി മൂവായിരത്തി അഞ്ഞൂറ്റിഎൺപത് രൂപ മാത്രം ) രൂപയുടെ ഭരണാനുമതി നൽകുകയും പണി ചെയ്യുന്നതിന് പ്രസ്തുത തുക പാർക്ക് വ്യൂ മ്യൂസിയത്തിലേയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ആർട്ട് മ്യൂസിയത്തിന്റെ നവീകരണപ്രവർത്തനം ഉടനടി ആരംഭിക്കുന്നതിനായി കേരള മ്യൂസിയം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | മ്യൂസിയത്തോടനുബന്ധിച്ചുള്ള കുട്ടികളുടെ പാർക്കിൽ കൂടുതൽ കളി ഉപകരണങ്ങൾ വാങ്ങുന്നതിനും ആക്ടിവിറ്റി സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | (ബി) | കുട്ടികളുടെ പാർക്കിൽ കൂടുതൽ കളി ഉപകരണങ്ങൾ ഉൾപ്പെടുത്തുന്നതിന് 25,00,000/-(ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകുകയും ടെൻഡർ മുഖേന കളി ഉപകരണങ്ങൾ വാങ്ങിയതിന് 23,91,200/-(ഇരുപത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റിഒന്നായിരത്തി ഇരുന്നൂറ് രൂപ മാത്രം) രൂപ ചെലവാകുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം ചിൽഡ്രൻസ് ആക്ടിവിറ്റി സെന്റർ പ്രവർത്തന ക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആക്ടിവിറ്റി സെന്ററിൽ **3** ഡി തീയറ്റർ സ്ഥാപിക്കുന്നതിന് കെൽട്രോണിൽ നിന്നും 22,05,000/- |

| | | | |
|---|---|---|---|
| | | | (ഇരുപത്തിരണ്ടുലക്ഷത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ പ്രൊപ്പോസൽ ലഭിക്കുകയും ആയതിന് ഭരണാനുമതി നൽകി കെൽട്രോണിന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ആക്ടിവിറ്റി സെന്റർ ആഗസ്റ്റ് മാസത്തിൽ പൊതുജന ങ്ങൾക്ക് തുറന്നു കൊടുക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ